അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
ഫോറസ്റ്റ് കൺസർവേറ്റർ
(ബയോഡൈവേഴ്സിറ്റി സെൽ)

വനം-വന്യജീവി വകുപ്പ്
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്, തിരുവനന്തപുരം-14.
ഫോൺ : 0471 2529321
മൊ: 09447979130
Email- apccf-bdc.for@kerala.gov.in

ബി.ഡി.സി.2- 15945/2018

തീയതി : 27.03.2018

## സർക്കുലർ 02/2018

വിഷയം : ചരിഞ്ഞ നാട്ടാനകളുടെ പോസ്റ്റ് മോർട്ടവും ശവം മറവ് ചെയ്യലും സംബന്ധിച്ച്

സൂചന : നാട്ടാന പരിപാലന ചട്ടം 2012 (ജി.ഒ.(പി) നം 119/2012/വനം തീയതി 18.12.2012)

2012-ലെ കേരള നാട്ടാന (കാര്യ കർത്തവ്യവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം (13) പ്രകാരം ചരിഞ്ഞ ആനകളുടെ പോസ്റ്റ്മോർട്ടം ചെയ്യുമ്പോൾ പാലിക്കേണ്ട മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നു.

1. നാട്ടാന ചരിഞ്ഞാൽ 24 മണിക്കൂറിനുള്ളിൽ വിവരം ചീഫ് വൈൽഡ്‌ലൈഫ് വാർഡനെയോ ബന്ധപ്പെട്ട ഓഫീസറെയോ അതാത് സോഷ്യൽ ഫോറസ്ട്രി അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ അറിയിക്കേണ്ടതാണ്.
2. ആനയുടെ മൃതശരീരം പോസ്റ്റ്മോർട്ടം ചെയ്യുന്നതിന് മുമ്പുള്ള മഹസ്സർ റിപ്പോർട്ടിൽ ആനയുടെ ശരീരത്തിലുള്ള ബാഹ്യമായ പരിക്കുകൾ വ്രണങ്ങൾ, മുറിവുകൾ, രക്തസ്രാവങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുക
3. പോസ്റ്റ്മോർട്ടം നടത്തേണ്ടത് അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ / അസ്സിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ആയിരിക്കണം.
4. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സാധാരണയായി ആനയുടെ ആന്തരിക അവയവങ്ങളുടെ കാര്യങ്ങളാണ് രേഖപ്പെടുത്തി വരാറുള്ളത്. മേലിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ആനയുടെ ആന്തരികവും ബാഹ്യവുമായി കാണുന്ന എല്ലാ പരിക്കുകളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

31/3/18
DCF (FMIS)
SFO
website
31/3
Vinod
DCF (FMIS)

FMIS

5. പോസ്റ്റ്മോർട്ടത്തിന് മുമ്പും പിമ്പും ഉള്ള ആനയുടെ കൊമ്പിന്റെ അളവ് വ്യക്തമായി രേഖപ്പെടുത്തണം.

6. കൊമ്പിന്റെ തൂക്കവും കൊമ്പ് ആരുടെ കസ്റ്റഡിയിലാണെന്ന വിവരവും രേഖപ്പെടുത്തുക.

7. മരണപ്പെട്ട ആനയുടെ മൈക്രോചിപ്പ് നശിപ്പിച്ചശേഷം വിവരം മഹസ്സറിൽ രേഖപ്പെടുത്തുക

8. ചട്ടത്തിൽ പരാമർശിക്കുന്ന എല്ലാ അസ്സൽ രജിസ്റ്ററുകളും രേഖകളും തിരികെ വാങ്ങി ബന്ധപ്പെട്ട ഓഫീസുകളിൽ സൂക്ഷിക്കുക.

9. വിശദമായ റിപ്പോർട്ടും മഹസ്സർ പകർപ്പും 7 ദിവസത്തിനകവും പോസ്റ്റ്മോർട്ടം റിപ്പോർട്ട് 15 ദിവസത്തിനകവും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കുക.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ (ബി.ഡി.സി)

To,

1) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് & ചീഫ് വൈൽഡ്ലൈഫ് വാർഡൻ
2) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)
3) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്)
4) എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / ഫോറസ്റ്റ് കൺസർവേറ്റർ
5) എല്ലാ സോഷ്യൽ ഫോറസ്ട്രി അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ്ലൈഫ് വാർഡൻ
6) ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, അസ്സിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ
7) സ്റ്റോക്ക് ഫയൽ